I/102356/2023

**മിഷൻ വാത്സല്യ**

**സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി , ഐ.എ.എസ് , ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ്)**

തിരുവനന്തപുരം,

**ഉത്തരവ് നം. DWCD/3224/2023 - ICPS 4**

തീയതി. 23-06-2023

---

വിഷയം: വനിത ശിശു വികസന വകുപ്പ് - മിഷന് വാത്സല്യ - പാലക്കാട് സ്വദേശി ശബരി നാഥ് എന്ന കുട്ടിക്ക് ബാലനിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം : 1. സർക്കാർ ഉത്തരവ് നമ്പർ. സ.ഉ (സാധാ) നമ്പർ 730/2017/സാനീവ തീയതി 01.11.2017

2. പാലക്കാട് DCPO യുടെ കത്ത് നമ്പർ. DCPU/PKD/E/MER-835/23 തീയതി: 10/04/2023

പാലക്കാട് പുതുശ്ശേരി പഞ്ചായത്തിൽ പതിനാറാം വാർഡിൽ ,ബാബു നിവാസിൽ ശ്രീ പ്രകാശ് ബാബു, ശ്രീമതി. മിനിമോൾ എന്നീ ദമ്പതികളുടെ മകനായ ശബരീനാഥ് (17 വയസ്സ്) HODGKINS LYMPHOMA എന്ന രോഗാവസ്ഥയാണ് എന്നും നിലവിൽ അമൃത ആശുപത്രിയിൽ ചികിത്സയിലാണ് എന്നും കുട്ടിക്ക് തിരുവനന്തപുരം RCC യിൽ 6 കീമോകൾ ആണ് ചെയ്തിട്ടുള്ളത്. 2022 ജൂലൈ ആണ് അർബുദ രോഗമുള്ളതായി സ്ഥിതീകരിച്ചിട്ടുള്ളത്. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ടി കുടുംബത്തിന് കുട്ടിയുടെ ചികിത്സാ ചിലവുകൾ കണ്ടെത്തുന്നത് ബുദ്ധിമുട്ടാണ് എന്നും ആയതിനാൽ ഇതുവരെ ചെലവായ ബില്ലുകളുടെ അടിസ്ഥാനത്തിൽ 83,879/-രൂപ ബാലനിധിയിൽ നിന്നും അനുവദിക്കണമെന്ന് മേൽ പരാമർശം (2) പ്രകാരം പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള പാലക്കാട് പുതുശ്ശേരി പഞ്ചായത്തിൽ പതിനാറാം വാർഡിൽ ,ബാബു നിവാസിൽ ശ്രീ പ്രകാശ് ബാബു, ശ്രീമതി. മിനിമോൾ എന്നീ ദമ്പതികളുടെ മകനായ ശബരീനാഥ് എന്ന കുട്ടിയുടെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് പരാമർശം (1) പ്രകാരം രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയായ **70,769/-രൂപ (എഴുപതിനായിരത്തി എഴുന്നൂറ്റി അറുപത്തിഒൻപത് രൂപ മാത്രം )** അനുവദിച്ചു ഉത്തരവാകുന്നു.

I/102356/2023

ടി തുകയായ 70,769/-രൂപ (എഴുപതിനായിരത്തി എഴുന്നൂറ്റി അറുപത്തിഒൻപത് രൂപ മാത്രം ) പാലക്കാട് വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിൻറെ ശീർഷകമായ 2235-02-106-91 (P)-യിൽ നിന്നും അനുവദിക്കേണ്ടതും വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി പാലക്കാട് ജില്ല ശിശു സംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, പാലക്കാട്

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ജില്ലാ വനിതാ ശിശു വികസൻ ഓഫീസർ, പാലക്കാട്
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 23-06-2023 16:47:47